തുറന്നകത്ത്

# അട്ടപ്പാടിയിൽ നിയമ സേവന കേന്ദ്രം തുടങ്ങണം: വിശ്വാസ്



*വിശ്വാസ് മാനേജിങ്ങ് കമ്മിറ്റിയോഗത്തിൽ ജില്ലാ കളക്ടറും വിശ്വാസ് ജില്ലാ പ്രസിഡന്റുമായ ജി.പ്രിയങ്ക സംസാരിക്കുന്നു.*

പാലക്കാട്: അട്ടപ്പാടിയിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയോടനുബന്ധിച്ച് നിയമ സേവ ന കേന്ദ്രം തുടങ്ങണമെന്ന് വിശ്വാസ് മാനേജിങ്ങ് കമ്മിറ്റിയോഗം ആവശ്യ പ്പെട്ടു. ഇത് സംബന്ധിച്ച് സർക്കാരിനും ഹൈകോടതിക്കും, സംസ്ഥാന നിയമ സേവന അതോറിറ്റിക്കും നിവേദനം നൽകുവാനും തീരുമാനിച്ചു. ജില്ലാ കള ക്ടറും വിശ്വാസ് ജില്ലാ പ്രസിഡന്റുമായ ജി.പ്രിയങ്ക യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൗമാരക്കാർക്ക് ലഹരി വിമോചന കേന്ദ്രം തുടങ്ങു വാനും, അട്ടപ്പാടി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ ജല ശുദ്ധീകരണ യൂണിറ്റ് സ്ഥാപിക്കുവാനും, അതിജീവിതർക്കുള്ള സർക്കാരിന്റെ ആശ്വാസ നിധി പദ്ധതി പ്രകാരം സഹായത്തിനുള്ള അപേക്ഷക ൾ തയ്യാറാക്കി നൽകുവാനും തീരുമാനി ച്ചു. അതിജീവിതർക്ക് ഗൃഹനിർമാണ ത്തിനും, അവരുടെ മക്കൾക്കുള്ള ധനസഹായത്തിനും ഉള്ള അപേക്ഷകൾ പരിഗണി ക്കുവാനും തീരുമാനിച്ചു. വിശ്വാസ് പ്രവർത്തനങ്ങളുടെ റിപ്പോർട്ട് വിശ്വാസ് സെക്രട്ടറി എം.ദേവദാസനും, വിശ്വാസ് നിയമ വേദിയുടെ റിപ്പോർട്ട് ചെയർപേഴ്സൺ അഡ്വ.എസ്.ശാന്താ ദേവിയും, വിശ്വാസ് സർവീസ് പ്രോവൈഡിങ് സെന്ററിന്റെ റിപ്പോർട്ട് വൈസ് പ്രസിഡന്റ് അഡ്വ. എൻ.രാഖി യും, വിശ്വാസ് ധനകാര്യ റിപ്പോർട്ട് ട്രഷറർ സി.ആർ.ഹരീഷും അവതരിപ്പിച്ചു. കെ. പി.രാ ജി, അഡ്വ.അ ജ യ് കൃ ഷ് ണൻ, ഡോ.കെ തോമസ് ജോർജ്, അഡ്വ. ദീപ്തി പ്രദീഷ്, ദീപ ജയപ്രകാശ് എന്നിവർ സംസാരിച്ചു വിശ്വാസ് സെക്രട്ടറി ജനറൽ അഡ്വ.പി.പ്രേംനാഥ് സ്വാഗതവും വൈസ് പ്രസിഡന്റ് ബി.ജയരാജൻ നന്ദിയും പറഞ്ഞു.